## ശുദ്ധജലവിതരണ പദ്ധതി

* 905. [46] ശ്രീ. പി. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ–തലശ്ശേരി മുനിസിപ്പാലിറ്റികളിൽ കഴിഞ്ഞ രണ്ടു വർഷമായി നടത്തിവരുന്ന ശുദ്ധജലവിതരണപദ്ധതിയുടെ പ്രവർത്തനം മന്ദീഭവിപ്പിക്കുന്നതിനു് ആരോഗ്യവകുപ്പു വല്ല നിർദ്ദേശവും നൽകുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനു കാരണമെന്തു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഇല്ല. കണ്ണൂർ, തലശ്ശേരി മുനിസിപ്പാലിറ്റികളും മാഹിയും ഉൾക്കൊള്ളുന്ന ഒരു സമഗ്രമായ ജലവിതരണപദ്ധതി ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്. മാഹി ജലവിതരണപദ്ധതിക്കു കേന്ദ്രഗവണ്മെൻറിന്റെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ മേൽ നടപടികൾക്കു കാലതാമസം നേരിട്ടിരിക്കുകയാണു്. കണ്ണൂർ–തലശ്ശേരി ജലവിതരണപദ്ധതികളുടെ പ്രാരംഭപ്രവർത്തനങ്ങൾ തുടർന്നുകൊണ്ടാണിരിക്കുന്നതു്.

(ബി) 'എ'യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ഈ ശുദ്ധജലവിതരണപദ്ധതി കണ്ണൂരിനെ സംബന്ധിച്ചിടത്തോളം പൂർത്തിയാക്കാൻ എത്ര സമയം വേണ്ടിവരുമെന്നു പറയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു പൂർത്തിയാക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. നാലാം പദ്ധതിക്കാലത്തു പൂർത്തിയാക്കാൻ സാധിക്കുമെന്നാണു് തോന്നുന്നതു്.

ശ്രീ. വി. ആർ. കൃഷ്ണയ്യർ : അവിടെ ഇതിലേക്കു വേണ്ട ലാൻഡ് അക്വിസിഷൻ നടപടികളും പൂർത്തിയായിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഏതെല്ലാം പണികളും പൂർത്തിയായി എന്നു പറയാൻ ഇപ്പോൾ നിവൃത്തിയില്ല. മാഹി ഏരിയായിലേക്കു വേണ്ടി 13.5 ലക്ഷം രൂപ കൊള്ളിച്ചിട്ടുള്ളതുകൊണ്ടു് അതിനു കേന്ദ്രഗവണ്മെൻറിന്റെ കൺകറൻസുവേണം. അതു കിട്ടിക്കഴിഞ്ഞാൽ ഉടനെ ഈ വർക്കുകൾ ഊർജ്ജിതമായി തുടങ്ങാൻ സാധിക്കുമെന്നാണു തോന്നുന്നതു്.

## കോഴിക്കോടു് മെഡിക്കൽകാളേജിലെ കുഴപ്പങ്ങൾ

* 906. [47] ശ്രീ. പി. സി. രാഘവൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലത്തെ ഇൻറർകാളേജിയേറ്റു് ടൂർണമെൻറുകളിൽ കോഴിക്കോട് മെഡിക്കൽകാളേജിൽ നിന്നും ആൺകുട്ടികളെ അയയ്ക്കാതിരിക്കുകയും പെൺകുട്ടികളെ മാത്രം അയയ്ക്കുകയും ചെയ്യാൻ പ്രിൻസിപ്പാൾ തീരുമാനിച്ചതു് എന്തുകൊണ്ടു് ;

(ബി) അടിയന്തിരാവസ്ഥയെ നേരിടാനുള്ള ആർമി മെഡിക്കൽ സപ്ലീസിലേക്കു് എത്ര വിദ്യാർത്ഥികളും ഈ കാളേജിൽ നിന്നും അപേക്ഷിച്ചിരുന്നു ;



LIBRARY ARCHIVES Kerala Legislative Assembly